JANMABHOOMI - 22-11-2024




വൈക്കം ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണ സംഘം വൈസ് പ്രസിഡന്റും മത്സ്യത്തൊഴിലാളിയുമായ ചിന്നമ്മ ജോസഫിനെ സിഫ്റ്റ് ഫിഷിംഗ് ടെക്നോളജി വിഭാഗം മേധാവി ഡോ. എംപി രമേശൻ ആദരിക്കുന്നു. ശാസ്ത്രജ്ഞരായ ഡോ.പ്രജിത്ത്.കെ.കെ ഡോ.സന്ധ്യ കെ. എം സമീപം

# മത്സ്യബന്ധനത്തിൽ 55 വർഷം പിന്നിട്ട ചിന്നമ്മ ജോസഫിന് സിഫ്റ്റിന്റെ ആദരവ്

**മട്ടാഞ്ചേരി:** മത്സ്യ ബന്ധന രംഗത്ത് 55 വർഷം പിന്നിട്ട മത്സ്യതൊഴിലാളി ചിന്നമ്മ ജോസഫിനെ ആദരിച്ചു. ലോക മത്സ്യതൊഴിലാളി ദിനാചരണത്തോടനുബന്ധിച്ചാണ് ഉൾനാടൻ മത്സ്യബന്ധന രംഗത്ത് പ്രവർത്തിക്കുന്ന വനിത തൊഴിലാളിയെ കൊച്ചിയിലെ കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ- സിഫ്റ്റി'ൽ നടന്ന ചടങ്ങിൽ ആദരിച്ചത്. വൈക്കം ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണ സംഘം വൈസ് പ്രസിഡന്റായ ചിന്നമ്മ ജോസഫ് പതിമൂന്നാം വയസ്സിലാണ് മത്സ്യബന്ധനം തുടങ്ങിയത്. ഉൾനാടൻ മീൻപിടുത്ത മേഖലയിൽ 55 വർഷം പിന്നിട്ട മത്സ്യ ബന്ധന തൊഴിലിനെ കുറിച്ചും മീൻപിടിക്കാനായി പോകുമ്പോൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും ചിന്നമ്മ വിശദീകരിച്ചു. ഐസിഎആർ സിഫ്റ്റിലെ ഫിഷിംഗ് ടെക്നോളജി വിഭാഗം മേധാവി ഡോ. എംപി രമേശൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവകലാശാലയിലെ വിദ്യാർത്ഥികൾക്കായി സമ്പർക്കപരിപാടിയും ബോധവൽക്കരണവും നടത്തി.